അപകടകരമായ തൊഴിൽ ചെയ്യുന്നവർക്കായി ക്ഷേമപരിപാടികൾ

74 (3475)ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാക്ടറികളിലും മറ്റും അപകടകരമായ തൊഴിൽ ചെയ്യുന്നവർക്കായി ക്ഷേമപരിപാടികൾ നടപ്പാക്കാൻ പ്രത്യേകസമിതി രൂപവൽക്കരിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് പരിശോധിയ്ക്കാൻ പ്രത്യേക സ്കാഡ് രൂപീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്.

അപകടകരമായ നിർമ്മാണ പ്രക്രിയകൾ നടത്തുന്ന ഫാക്ടറികളിൽ തൊഴിൽ ചെയ്യുന്നവരുടെ ഏൺഡ് ലീവ്, കാഷ്വൽ ലീവ്, സിക്ക് ലീവ് മുതലായവയെ സംബന്ധിയ്ക്കുന്ന വ്യവസ്ഥകളുടെ പര്യാപ്തത അത്തരം ഫാക്ടറികളിലെ ആരോഗ്യക്ഷേമ-സുരക്ഷിതത്വ സംവിധാനങ്ങൾ എന്നിവ പരിശോധിയ്ക്കുവാൻ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥൻമാരുടെയും ഉന്നതരായ ട്രേഡ് യൂണിയൻ നേതാക്കളുടെയും ഒരു കമ്മിറ്റി രൂപീകരിക്കുവാൻ കേരള ഹൈക്കോടതികളുടെ ഒ.പി.നം:15147/92 സി.6.1.98-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഇത്തരം ഫാക്ടറികളിൽ അടിക്കടി പരിശോധന നടത്തുവാൻ ഉയർന്ന ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന ഒരു വിജിലൻസ് സ്കാഡ് രൂപീകരിയ്ക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. 21.12.98-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം:4044/98/തൊഴിൽ പ്രകാരം ഒരു സംസ്ഥാന തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) & (ഡി) ഫാക്ടറി തൊഴിലാളികളുടെ സുരക്ഷിതത്വവും ആരോഗ്യവും ഉറപ്പാക്കുവാനും അപകടകരമായ രാസവസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ നിയന്ത്രണവിധേയമാക്കുന്നതിനുവേണ്ടിയും വിജിലൻസ് സ്കാഡിന്റെ പ്രവർത്തനത്തിനുവേണ്ടിയും ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പിൽ ഒരു അഡീഷണൽ ഡയറക്ടറുടെയും രണ്ട് ഇൻസ്പെക്ടർമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസം

75 (3476)ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോസ്റ്റ് ലഭ്യമല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസം നേരിടുന്നതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly